✎ ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

# 1088

# സൂറ – 36 / യാസീന്‍

## സൂക്തം: 36 – 39

ഈ ലോകത്തെ സര്‍വ ചരാചരങ്ങളും ജോഡികളാണെങ്കില്‍, ഓരോ വസ്തുവും അതിന്റെ ധര്‍മം പൂര്‍ത്തീകരിക്കുന്നത് സ്വന്തം ഇണയുമായി ചേര്‍ന്നാണെങ്കില്‍ ഈ ഭൗതികലോകത്തിനും ഒരു തുണയുണ്ടായിരിക്കേണ്ടതാണ്. ഇല്ലെങ്കില്‍ ഭൗതികലോകം അലക്ഷ്യവും ഉദ്ദേശ്യരഹിതവുമാണെന്നു വരും. ഉദ്ദേശ്യലക്ഷ്യങ്ങളൊന്നുമില്ലാതെ ഇത്രയും വിപുലമായ ഒരു സംരംഭം നടത്തുക തികഞ്ഞ യുക്തിജ്ഞനും നീതിമാനുമായ സ്രഷ്ടാവില്‍നിന്ന് ഒട്ടും പ്രതീക്ഷിക്കാവുന്നതല്ല. ഭൗതികലോകത്തിന്റെ തുണയേത് എന്ന ചോദ്യത്തിനുത്തരമാണ് അവന്‍ തന്നെ സൂചിപ്പിച്ചുവെച്ച പരലോകം.

سُبۡحَٰنَ ٱلَّذِى خَلَقَ ٱلۡأَزۡوَٰجَ كُلَّهَا مِمَّا تُنۢبِتُ ٱلۡأَرۡضُ
وَمِنۡ أَنفُسِهِمۡ وَمِمَّا لَا يَعۡلَمُونَ ﴿٣٦﴾

36. ഭൂമിയില്‍ വളരുന്ന സസ്യലതാദികളിലും മനുഷ്യവര്‍ഗത്തില്‍തന്നെയും മനുഷ്യര്‍ അറിയാത്ത മറ്റു ചരാചരങ്ങളിലുമെല്ലാം ഇണകളെ സൃഷ്ടിച്ചവന്‍ പരമപരിശുദ്ധനത്രെ.

**36**

سُبْحَانَ الَّذِي خَلَقَ الْأَزْوَاجَ كُلَّهَا = എല്ലാ ഇണകളെയും സൃഷ്ടിച്ചവന്‍ പരമപരിശുദ്ധനത്രെ

مِمَّا تُنبِتُ الْأَرْضُ = ഭൂമി മുളപ്പിക്കുന്ന(ഭൂമിയില്‍ മുളച്ച വളരുന്ന സസ്യലതാദികളിലും)തില്‍നിന്നും

وَمِنْ أَنفُسِهِمْ = അവരില്‍നിന്ന് (മനുഷ്യവര്‍ഗത്തില്‍) തന്നെയും

وَمِمَّا لَا يَعْلَمُونَ = അവര്‍ (മനുഷ്യര്‍) അറിയാത്തതില്‍നിന്നും (മറ്റു ചരാചരങ്ങളിലുമെല്ലാം)

تسبيح -ന്റെ രൂപഭേദമാണ് سُبْحَانَ. പരമമായ പരിശുദ്ധപ്പെടുത്തലാണിത്. അല്ലാഹുവിനെ പരമപരിശുദ്ധനെന്ന് വാഴ്ത്തുന്നു എന്നാണ് سُبْحَانَ الله -യുടെ അര്‍ഥം. അല്ലാഹു സകലവിധ കുറവുകള്‍ക്കും അതീതനാണ്, ഏതെങ്കിലും തരത്തിലുള്ള അജ്ഞതയോ കഴിവുകേടോ അവനില്ല. തന്റെ ദിവ്യത്വം നടത്താന്‍ ആരുടെയും സഹായമോ പങ്കാളിത്തമോ വേണ്ടാത്തവന്‍, സര്‍വതും തന്നില്‍ തന്നെയുള്ള സ്വയംപര്യാപ്തന്‍ എന്നൊക്കെയാണ് താല്‍പര്യം. ന്യൂനതകളും അപര്യാപ്തതകളും സമ്പൂര്‍ണമായി നിഷേധിച്ചുകൊണ്ടുള്ള സ്തുതികീര്‍ത്തനമാണ് تسبيح. അല്ലാഹുവിലേക്കല്ലാതെ മറ്റാരിലേക്കും ചേര്‍ത്തുകൊണ്ട് سُبْحَانَ ഉപയോഗിക്കാറില്ല. പരമമായ പരിശുദ്ധി അവകാശപ്പെടാവുന്നതായി അല്ലാഹുവല്ലാതെ മറ്റൊന്നുമില്ല എന്നതുതന്നെ കാരണം. سُبْحَانَكَ എന്നു കേട്ടാല്‍ അതിലെ നീ (كَ) അല്ലാഹുവാണ് എന്ന് എല്ലാവര്‍ക്കുമറിയാം. ഖുര്‍ആന്‍ سُبْحَانَ യും അതിന്റെ മറ്റു രൂപങ്ങളും ഉപയോഗിക്കാറുള്ളത് അധികവും ബഹുദൈവ വിശ്വാസത്തെ നിഷേധിക്കുന്ന സന്ദര്‍ഭങ്ങളിലാണ്. അല്ലാഹുവല്ലാതെ വേറെയും പല ദൈവങ്ങളുണ്ട് എന്ന സങ്കല്‍പമാണല്ലോ ബഹുദൈവ വിശ്വാസം. ഇത് മൂന്നു കാര്യങ്ങളെ, അല്ലെങ്കില്‍ മൂന്നിലൊരു കാര്യത്തെയെങ്കിലും അനിവാര്യമാക്കുന്നു: 1. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു പരിപാലിക്കുന്നത് ഒരു ദൈവം ഒറ്റക്കല്ല. പല ദൈവങ്ങള്‍ ചേര്‍ന്നു നടത്തുന്ന ഒരു സഹകരണ പ്രസ്ഥാനമാണീ പ്രപഞ്ചം. ദൈവസംഘത്തിലെ ഓരോ ദൈവവും ആരാധ്യനാകുന്നു. ആരോടും പ്രാര്‍ഥിക്കാം. ആരെ ആരാധിച്ചാലും മോക്ഷം കിട്ടും. 2. സ്രഷ്ടാവും വിധാതാവുമായ പരമേശ്വരന്‍ തനിക്കിഷ്ടപ്പെട്ട ചിലരെ തന്റെ സഹായികളാക്കുകയും കുറേ ദിവ്യശക്തികളും അധികാരങ്ങളും അവര്‍ക്ക് പങ്കുവെക്കുകയും ചെ

യ്തിരിക്കുന്നു. ഈ ഉപദൈവങ്ങളും ആരാധ്യരാകുന്നു. 3. ദൈവത്തിന്റെ ശക്തിയുടെയും അധികാരത്തിന്റെയും കുറേ ഭാഗം മറ്റു ചിലർ പിടിച്ചെടുത്തിരിക്കുന്നു. അങ്ങനെ അവരും ആരാധ്യരായ ദൈവങ്ങളായിത്തീർന്നിരിക്കുന്നു. ഈ മൂന്നു സങ്കൽപങ്ങളും സാക്ഷാൽ ദൈവത്തിൽ ഏതെങ്കിലും തരത്തിലുള്ള ശക്തിക്ഷയത്തെയും അധികാരലോപത്തെയും അനിവാര്യമാക്കുകയും തന്നിൽ തന്നെ എല്ലാം തികഞ്ഞവൻ (غني) എന്ന അവന്റെ ഗുണത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഈ ന്യൂനതാ സങ്കൽപത്തെ തീർത്തും നിഷേധിച്ചുകൊണ്ടാണ് ഖുർആൻ ഇടക്കിടെ سُبْحَانَ اللَّهِ عَمَّا يَصِفُونَ ........ يشركون (അവർ വർണിക്കുന്ന ന്യൂനതകളിൽനിന്ന്... ആരോപിക്കുന്ന പങ്കാളിത്തങ്ങളിൽനിന്ന് എല്ലാം പരിശുദ്ധനാണ് അല്ലാഹു) എന്ന് പ്രസ്താവിക്കുന്നത്.

അത്ഭുതം പ്രകടിപ്പിക്കാനും അബദ്ധങ്ങളിലും ആപത്തുകളിലും ഭീതി പ്രകടിപ്പിക്കാനും വിശ്വാസികൾ سُبْحَانَ اللَّهِ എന്നു പറയാറുണ്ട്. 'സുബ്ഹാനല്ലാഹ്' എന്ന് ഭജിക്കുകയാണ് تسبيح. ഇതിനു സമാനമായ മറ്റൊരു പദമാണ് تحميد. അല്ലാഹുവിനെ സ്തുതിക്കുകയാണത്. തസ്ബീഹ് അല്ലാഹുവിനെ സർവവിധ ന്യൂനതകൾക്കും അതീതനായ പരമപരിശുദ്ധനെന്ന് വാഴ്ത്തലാണെങ്കിൽ അവനെ സർവ സൽഗുണ സമ്പൂർണനെന്നു വാഴ്ത്തലാണ് തഹ്മീദ്. സുബ്ഹാനല്ലാഹ് എന്ന തസ്ബീഹിന് സമാനമായ തഹ്മീദാണ് അൽഹംദു ലില്ലാഹ്.

زوج -ന്റെ ബഹുവചനമാണ് أَزْوَاجَ. ഇണയും വർഗവും സമാന സ്വഭാവമുള്ളവരുടെ കൂട്ടവുമാണ് زوج. ഇണ എന്ന അർഥത്തെ ആസ്പദമാക്കി ഭാര്യക്കും ഭർത്താവിനും زوج എന്നു പറയുന്നു. എല്ലാ അർഥങ്ങളും ഉദ്ദേശിച്ചുകൊണ്ടാണ് പ്രകൃത സൂക്തത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ഭൂമിയിലുണ്ടാകുന്ന വസ്തുക്കൾ എണ്ണമറ്റതും വൈവിധ്യമാർന്നതുമാകുന്നു. ഓരോ വസ്തുവും ഇണയും തുണയുമായാണ് കാണപ്പെടുന്നത്. ആകാരവും നിറവും ഭാഷയുമൊക്കെ പരിഗണിക്കുമ്പോൾ മനുഷ്യരിൽ വലിയ വ്യത്യസ്തതകളുള്ള നിരവധി വർഗങ്ങൾ കാണപ്പെടുന്നു. അതോടൊപ്പം എല്ലാവരിലും സമാനമായ നിരവധി ഗുണങ്ങളും ഇണയും തുണയുമായിരിക്കുന്ന സ്വഭാവവും കാണാം. മനുഷ്യന്റെ അറിവിൽപെട്ട എല്ലാം ഇങ്ങനെയാണ്. ഇതുവരെ മനുഷ്യന്റെ അറിവിൽ പെട്ടിട്ടില്ലാത്തതും ഒരിക്കലും അറിവിൽ പെടാനിടയില്ലാത്തതുമായ പ്രതിഭാസങ്ങളുടെ കാര്യവും ഇതു തന്നെയാകുന്നു എന്നാണ് وَمِمَّا لَا يَعْلَمُونَ എന്ന വാക്കിന്റെ താൽപര്യം. ഒറ്റ നോട്ടത്തിൽ പരസ്പരവിരുദ്ധമെന്നു തോന്നാവുന്ന സംഗതികളിൽ പോലും സൂക്ഷ്മ വീക്ഷണത്തിൽ ഒരുവക പരസ്പരപൂരകത്വവും സഹവർത്തിത്വവും കാണാം. ഉദാ: ചൂടും തണുപ്പും, തീയും വെള്ളവും, രാവും പകലും ഈ പ്രപഞ്ചത്തിന്റെ സംവിധാനം പങ്കാളികളാരുമില്ലാത്ത ഒരേയൊരു ദൈവത്തിന്റെ ഇഛയാണെന്ന യാഥാർഥ്യമാണിതിൽ പ്രകാശിതമാകുന്നത്. പ്രപഞ്ച സംവിധാനത്തിൽ അവനല്ലാത്ത മറ്റാർക്കും ഒരു പങ്കുമില്ല. ബഹുത്വത്തിന്റെയും പങ്കാളിത്തത്തിന്റെയും ഛായകൾക്കു പോലും അതീതനാണവനെന്ന് സാക്ഷ്യപ്പെടുത്തുന്നതാണ് ഓരോ പ്രാപഞ്ചിക പ്രതിഭാസവും.

ഇതിൽനിന്ന് മറ്റൊരു സംഗതി കൂടി വ്യക്തമാകുന്നുണ്ട്. ഈ ലോകത്തെ സർവ ചരാചരങ്ങളും ജോഡികളാണെങ്കിൽ, ഓരോ വസ്തുവും അതിന്റെ ധർമം പൂർത്തീകരിക്കുന്നത് സ്വന്തം ഇണയുമായി ചേർന്നാണെങ്കിൽ ഈ ഭൗതികലോകത്തിനും ഒരു തുണയുണ്ടായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഭൗതികലോകം അലക്ഷ്യവും ഉദ്ദേശ്യരഹിതവുമാണെന്നു വരും. ഉദ്ദേശ്യലക്ഷ്യങ്ങളൊന്നുമില്ലാതെ ഇത്രയും വിപുലമായ ഒരു സംരംഭം നടത്തുക തികഞ്ഞ യുക്തിജ്ഞനും നീതിമാനുമായ സ്രഷ്ടാവിൽനിന്ന് ഒട്ടും പ്രതീക്ഷിക്കാവുന്നതല്ല. ഭൗതികലോകത്തിന്റെ തുണയേത് എന്ന ചോദ്യത്തിനുത്തരമാണ് അവൻ തന്നെ സൂചിപ്പിച്ചുവെച്ച പരലോകം. ●

---

وَءَايَةٌ لَّهُمُ ٱلَّيْلُ نَسْلَخُ مِنْهُ ٱلنَّهَارَ فَإِذَا هُم مُّظْلِمُونَ ﴿٣٧﴾

37. രാവും അവർക്കൊരു വലിയ ദൃഷ്ടാന്തമാകുന്നു. നാം അതിൽനിന്ന് പകലിനെ ഊരിയെടുക്കുന്നു. അപ്പോൾ അവരതാ ഇരുട്ടിലാകുന്നു.

**37**

وَآيَةٌ لَّهُمُ اللَّيْلُ= രാവും അവർക്കൊരു (വലിയ) ദൃഷ്ടാന്തമാകുന്നു

نَسْلَخُ مِنْهُ النَّهَارَ = നാം അതിൽനിന്ന് പകലിനെ ഊരിയെടുക്കുന്നു = فَإِذَا هُم = അപ്പോഴതാ അവർ

مُّظْلِمُونَ = അവർ ഇരു(ട്ടുള്ളവർ)ട്ടിലാകുന്നു, അവരെ ഇരുൾ മൂടുന്നു

അല്ലാഹുവിന്റെ സൃഷ്ടിവൈഭവവും ആസൂത്രണപാടവവും പരിപാലനവും വിളിച്ചോതുന്ന മറ്റൊരു മഹാ ദൃഷ്ടാന്തമാണ് രാപ്പകൽഭേദം. ഭൂമിയെ ജീവക്ഷമമാക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് രാവിന്റെയും പകലിന്റെയും കൃത്യമായ വരവും പോക്കും. രാപ്പകൽഭേദത്തിന്റെ ഭൗതിക ശാസ്ത്രപരമായ നിയമങ്ങളല്ല ഇവിടെ പരാമർശിക്കുന്നത്. ആ പ്രതിഭാസം ഭൂമിയിൽ മനുഷ്യന്റെ നിലനിൽപിനാധാരമാംവണ്ണം എന്തുമാത്രം സമർഥമായ ആസൂത്രണത്തോടെ സംവിധാനിച്ചിരിക്കുന്നു എന്നു ചിന്തിക്കാൻ ആവശ്യപ്പെടുകയാണ്. അല്ലാഹു ഭൂമിയെ പകലിന്റെ ആടയണിയിക്കുന്നു. എന്നിട്ട് നിശ്ചിത സമയം കൊണ്ട് അത് ഊരിയെടുക്കുകയും ചെയ്യുന്നു. سلخ (തൊലിയുരിക്കുക)ൽനിന്നുള്ളതാണ് نسلخ. ഊർന്നുപോകുന്നതിനും ഊരിച്ചാടുന്നതിനും انسلخ എന്നു പറയും. പാമ്പ് പടം പൊഴിക്കലാണ് سلخ الحية. രാപ്പകലിന്റെ മന്ദഗതിയിലുള്ള വരവിനെയും പോക്കിനെയും, അല്ലാഹു കാരുണ്യത്തോടെ ഭൂമിയെ വെളിച്ചത്തിന്റെ പുതപ്പു പുതച്ചുകൊടുക്കലും പിന്നെ ആ പുതപ്പ് ഊരികൊടുക്കലുമായി വർണിക്കുകയാണ്. മനുഷ്യന് അവന്റെ ഭൂമിയും അതിലെ

വസ്തുക്കളും കാണാനും അതിൽ പ്രവർത്തിക്കാനുമുള്ള സന്ദർഭമാണ് പകൽ. പകൽ ഇല്ലെങ്കിൽ വെളിച്ചം മാത്രമല്ല ഭൂമിക്ക് ചൂടും അന്യമാകും. ഭൂമിയുടെ പ്രതലത്തിൽ സസ്യങ്ങളും ജന്തുക്കളും നിലനിൽക്കാനും ഭൂമിക്കടിയിൽ ഖനിജ പദാർഥങ്ങൾ രൂപപ്പെടാനും സൂര്യ പ്രകാശം കൂടിയേ തീരൂ. എന്നാൽ ഇടവിടാതെ സൂര്യതാപമേറ്റുകൊണ്ടിരിക്കുന്നതും ഭൂമിയുടെ ഈ താൽപര്യങ്ങൾക്ക് ഹാനികരമാണ്. അതുകൊണ്ട് നിശ്ചിത സമയം കൂടുമ്പോൾ അല്ലാഹു വെളിച്ചത്തിന്റെ മൂടുപടം എടുത്തുമാറ്റി ഭൂമിയെ ഇരുട്ടണിയിക്കുന്നു. മനുഷ്യന് ചിന്തിക്കാനും വിശ്രമിക്കാനും ഉറങ്ങാനുമുള്ള സന്ദർഭമാണ് രാത്രി. സ്ഥിരം പകലിനെന്ന പോലെ സ്ഥിരം രാത്രിയിലും ഭൂമി ജീവിതക്ഷമമാവുകയില്ല. ഭൂമിയുടെയും അതിലെ ജീവജാലങ്ങളുടെയും നിലനിൽപിന്റെ താൽപര്യങ്ങൾക്ക് എന്തു മാത്രം അനുയോജ്യമായിട്ടാണ് രാപ്പകൽഭേദം സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ചിന്തിക്കുന്ന സാമാന്യ ബുദ്ധിക്ക് അതീവ കൃത്യതയാർന്ന ഈ സംവിധാനത്തിനു പിന്നിൽ ഒരു ആസൂത്രകനില്ലെന്നോ അല്ലെങ്കിൽ നിരവധി ആസൂത്രകരുടെ സംവിധാനമാണിതെന്നോ കരുതാനാവില്ല. മുൻ സൂക്തത്തിൽ സൂചിപ്പിച്ച, പരസ്പരവിരുദ്ധമെന്നു തോന്നുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങൾ പോലും ഇണകളായി സൃഷ്ടിക്കപ്പെട്ടതും പരസ്പരപൂരകമായി വർത്തിക്കുന്നതുമാണെന്ന യാഥാർഥ്യത്തിന് പ്രകടമായ ഒരുദാഹരണവും കൂടിയാണ് രാപ്പകൽഭേദം.

രാപ്പകൽ ഭേദത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് സൂറ *അൽഖസ്വസ്വ്* 71-72 സൂക്തങ്ങൾ പറയുന്നു:

قُلْ أَرَأَيْتُمْ إِن جَعَلَ اللَّهُ عَلَيْكُمُ اللَّيْلَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُم بِضِيَاءٍ ۖ أَفَلَا تَسْمَعُونَ ﴿٧١﴾ قُلْ أَرَأَيْتُمْ إِن جَعَلَ اللَّهُ عَلَيْكُمُ النَّهَارَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُم بِلَيْلٍ تَسْكُنُونَ فِيهِ ۖ أَفَلَا تُبْصِرُونَ ﴿٧٢﴾

(അവരോട് ചോദിക്കുക: നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ, അല്ലാഹു നിങ്ങൾക്ക് രാവിനെ അന്ത്യനാൾ വരെ സ്ഥിരമാക്കി നിർത്തിയിരുന്നുവെങ്കിൽ അല്ലാഹുവല്ലാത്ത ആർക്കാണ് നിങ്ങൾക്ക് വെളിച്ചം തരാനാവുക? നിങ്ങൾ കേൾക്കുന്നില്ലയോ? ഇനിയും ചോദിക്കുക: അല്ലാഹു നിങ്ങൾക്ക് പകലിനെ അന്ത്യനാൾ വരെ സ്ഥിരമാക്കി നിർത്തിയിരുന്നുവെങ്കിൽ, അല്ലാഹുവല്ലാത്ത ആരാണ് നിങ്ങൾക്ക് വിശ്രമിക്കാൻ രാവു തരിക? നിങ്ങൾ കാണുന്നില്ലയോ?). ●

---

وَٱلشَّمْسُ تَجْرِى لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿٣٨﴾

38. സൂര്യൻ അതിന്റെ നിശ്ചിത സാങ്കേതത്തിൽതന്നെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് സർവജ്ഞനായ അജയ്യൻ കണിശമായി നിർണയിച്ചുവെച്ചതത്രെ.

**38**

وَالشَّمْسُ تَجْرِي = സൂര്യൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു

لِمُسْتَقَرٍّ لَّهَا = അതിന്റെ (നിശ്ചിത) സങ്കേതത്തി(ൽതന്നെ) നു വേണ്ടി

ذَٰلِكَ = അ(ഇ)ത്

تَقْدِيرُ الْعَزِيزِ الْعَلِيمِ = സർവജ്ഞനായ അജയ്യന്റെ നിർണയമത്രെ (യ്യൻ കണിശമായി നിർണയിച്ചുവച്ചതത്രെ)

രാപ്പകലിനെ കുറിച്ചോർമിപ്പിച്ച ശേഷം രാപ്പകലുകൾക്കാധാരമായ സൂര്യനിലേക്കും അതിന്റെ ചലനത്തിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. جَرْيٌ (ഒഴുക്ക്, പ്രയാണം) -ൽ നിന്നുള്ള ക്രിയയാണ് تَجْرِي. സ്ഥിരവാസ സ്ഥലവും താവളവുമാണ് مُسْتَقَرّ. സൂര്യൻ അതിന്റെ താവളത്തിനു വേണ്ടി സഞ്ചരിക്കുന്നു എന്നാണ് لِمُسْتَقَرٍّ لَّهَا എന്ന വാക്കിന്റെ ഭാഷാർഥം. അതിന് ഖുർആൻ വ്യാഖ്യാതാക്കൾ പല അർഥങ്ങൾ നൽകിയിരിക്കുന്നു. ഭൂമി ഒരിടത്തു സ്ഥിരമായി നിൽക്കുകയും സൂര്യൻ അതിനു ചുറ്റും കറങ്ങുകയും ചെയ്യുന്നുവെന്നാണ് ആദ്യകാല ഗോളനിരീക്ഷകർ കരുതിയിരുന്നത്. അതനുസരിച്ച് ഭൂമിക്ക് ചുറ്റും നിശ്ചിത അകലത്തിൽ കൃത്യമായി നിശ്ചയിക്കപ്പെട്ട ഒരു ഭ്രമണപഥമാണ് സൂര്യന്റെ مُسْتَقَرّ-താവളം. ആ താവളത്തിൽ അതു കറങ്ങിക്കൊണ്ടിരിക്കുന്നു. പിന്നീട് സൂര്യൻ ഒരിടത്ത് സ്ഥിരമായി നിൽക്കുകയും ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുകയുമാണെന്ന നിഗമനം വന്നു. സൂര്യൻ ചലിച്ചുകൊണ്ടിരിക്കുന്നു എന്ന ദൈവിക വചനത്തിനെതിരാകുന്നു എന്നതിനാൽ ചില പണ്ഡിതന്മാർ ആ നിഗമനം തള്ളിക്കളഞ്ഞു. ഖുർആനിനെ സമകാലീന ശാസ്ത്രത്തോട് യോജിപ്പിക്കാൻ ബദ്ധപ്പെട്ട ചില പണ്ഡിതന്മാർ 'സൂര്യൻ അതിന്റെ സ്ഥിരവാസസ്ഥാനത്തു ചലിക്കുന്നു' എന്നാൽ സ്ഥിരമായി ഒരിടത്തു നിലകൊള്ളുന്നു എന്നുതന്നെയാണ് അർഥമെന്ന് വ്യാഖ്യാനിച്ചു. കാലം മുന്നോട്ടു പോയപ്പോൾ ഈ നിഗമനവും മാറി. സൂര്യനും ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഗ്രഹങ്ങളും ചലിച്ചുകൊണ്ടിരിക്കുകയാണ് എന്നായി ശാസ്ത്രം. സ്വന്തം അക്ഷത്തിലുള്ള കറക്കത്തിനു പുറമെ ആകാശഗംഗയുടെ (Milky Way) മധ്യം കേന്ദ്രമാക്കിയും ഭ്രമണം ചെയ്തുകൊണ്ടിരിക്കുകയാണ് സൂര്യൻ. ഭൂമിയിൽനിന്ന് 9 കോടി 30 ലക്ഷം മൈൽ അകലെ സ്ഥിതി ചെയ്യുന്ന സൂര്യഗോളത്തിന് 8650000 മൈൽ വ്യാസമുണ്ടെന്നാണ് നിഗമനം. 6000 സെന്റിഗ്രേഡ് മുതൽ ഒരു ലക്ഷം സെന്റി ഗ്രേഡ് വരെയാണത്രെ സൂര്യന്റെ താപം. സൂര്യനും ഭൂമിയും തമ്മിലുള്ള അകലത്തിൽ നേരിയ കുറവ് വന്നാൽ മതി ഭൂമി കരിഞ്ഞുപോകാൻ. അകലം കൂടിയാൽ ഭൂമി തണുത്തുറഞ്ഞുപോവുകയും ചെയ്യും. സൂര്യൻ അവസാനമായി ചെന്നെത്തേണ്ട സങ്കേതം തേടി സഞ്ചരിക്കുന്നു എന്നും تَجْرِي لِمُسْتَقَرٍّ لَّهَا -ക്ക് ചിലർ അർഥം കൽപിച്ചിട്ടുണ്ട്. സൂര്യചലനത്തെ സ്ഥിരീകരിക്കുന്ന ശാസ്ത്ര നിഗമനങ്ങളാണ് പ്രകൃത വാക്യവുമായി കൂടുതൽ യോജിക്കുന്നത്. എങ്കിലും ഖുർആൻ പറഞ്ഞത് അതുതന്നെയാണ് എന്ന് ഉറപ്പിച്ചു പറയാനാവില്ല. ഗോളശാസ്ത്രം കൂടുതൽ പുരോഗമിക്കുമ്പോൾ നിഗമനങ്ങൾ ഇനിയും മാറിക്കൂടായ്കയില്ല. ശാസ്ത്രം പഠിപ്പിക്കുന്ന ഗ്രന്ഥമല്ല ഖുർആൻ. അനുവാചകർക്ക് അനുഭവവേദ്യമായ പ്രാപഞ്ചിക പ്രതിഭാസങ്ങൾ ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കുകയാണത്. സൂര്യൻ സഞ്ചരിച്ചുകൊണ്ടിരി

ക്കുന്നത് അന്നും ഇന്നും മനുഷ്യൻ നഗ്ന ദൃഷ്ടി കൊണ്ട് കാണുന്നുണ്ട്. ആ സഞ്ചാരത്തെയാണ് രാപ്പകൽ വ്യത്യാസത്തിനും ഋതുഭേദങ്ങൾക്കും വർഷഗണനക്കുമെല്ലാം മനുഷ്യൻ ആധാരമാക്കുന്നത്. ഖുർആൻ സംസാരിക്കുന്നത് അതിനെ കുറിച്ചാണ്. സൂര്യയാനത്തിന്റെ ശാസ്ത്രീയ വിശകലനം മറ്റൊരു വിഷയമാണ്.

സൂര്യന്റെ ഭ്രമണവും ഭ്രമണപഥവും സൂര്യനും അതിന്റെ ഭ്രമണവും ഭൂമിയിൽ സൃഷ്ടിക്കുന്ന പ്രതിഫലനങ്ങളുമെല്ലാം യാദൃഛികമായി ഉളവായതല്ല, ഗോളങ്ങൾ ഒരുനാൾ സ്വയമങ്ങ് ചലിച്ചുതുടങ്ങിയതുമല്ല. അജയ്യനും സർവജ്ഞനും സകല കാര്യങ്ങൾക്കും കഴിവുള്ളവനുമായ സ്രഷ്ടാവ് അതിവിദഗ്ധമായി ആസൂത്രണം ചെയ്തു സൃഷ്ടിച്ചുവെച്ചതാണതൊക്കെയും. ഇതാണ് ذَٰلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ എന്ന വാക്യത്തിന്റെ താൽപര്യം. ●

وَٱلْقَمَرَ قَدَّرْنَٰهُ مَنَازِلَ حَتَّىٰ عَادَ كَٱلْعُرْجُونِ ٱلْقَدِيمِ ﴿٣٩﴾

39. ചന്ദ്രനു നാം പല മണ്ഡലങ്ങൾ നിശ്ചയിച്ചുകൊടുത്തിരിക്കുന്നു. അവയിലൂടെ കടന്നുപോയ്ക്കൊണ്ട് ഒടുവിൽ അത് ഈത്തപ്പനയുടെ പഴകിച്ചുളിഞ്ഞ കുലച്ചില്ലയുടെ രൂപത്തിലേക്ക് മടങ്ങിയെത്തുന്നു.

**39**

وَالْقَمَرَ = ചന്ദ്രൻ(ന്) قَدَّرْنَاهُ = അതിന് നാം കണക്കാക്കി (നിശ്ചയിച്ചുകൊടുത്തിരിക്കുന്നു)

مَنَازِلَ = പല മണ്ഡലങ്ങൾ, താവളങ്ങൾ حَتَّىٰ = അങ്ങനെ (അവയിലൂടെ കടന്നു പൊയ്ക്കൊണ്ട് ഒടുവിൽ)

عَادَ = അതു മടങ്ങി(യെത്തുന്നു)

كَالْعُرْجُونِ الْقَدِيمِ = (ഈന്തപ്പനയുടെ) പഴകിയ കുലച്ചില്ലപോലെ (പഴകിച്ചുളിഞ്ഞ കുലച്ചില്ലയുടെ രൂപത്തിലേക്ക്)

മറ്റൊരു മഹാ ദൃഷ്ടാന്തമാണ് ചന്ദ്രൻ. ഭൂമിയുടെ നാലിലൊന്ന് വലിപ്പമേ ചന്ദ്രനുള്ളൂ. ഭൂമിയുടെ ഉപഗ്രഹമായിട്ടാണത് കണക്കാക്കപ്പെടുന്നത്. സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നതോടൊപ്പം അത് ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നുമുണ്ട്. ചന്ദ്രൻ ഒരു ഭൂപ്രദക്ഷിണത്തിനെടുക്കുന്ന കാലയളവാണ് ഒരു ചന്ദ്രമാസം. 12 ചന്ദ്രമാസം ഒരു ചന്ദ്രവർഷം. സൂര്യവർഷത്തേക്കാൾ പത്തു ദിവസം കുറവാണ് ചന്ദ്രവർഷത്തിൽ. ചന്ദ്രന്റെ സ്ഥാനവും വലിപ്പവും നോക്കി ചന്ദ്രമാസത്തിന്റെ തീയതി മനസ്സിലാക്കാവുന്നതാണ്. ചന്ദ്രൻ ഭൂമിയിൽ ചെലുത്തുന്ന ആകർഷണശക്തി സമുദ്രങ്ങളിൽ വേലിയേറ്റത്തിനും വേലിയിറക്കത്തിനും മുഖ്യ കാരണമാകുന്നു. സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നീ ഗ്രഹങ്ങൾ ഭ്രമണത്തിനിടയിൽ ചിലപ്പോൾ ഒരേ നേർരേഖയിൽ വരാം. അപ്പോൾ ഭൂമിയാണ് മധ്യത്തിൽ വരുന്നതെങ്കിൽ അതിന്റെ നിഴൽ ചന്ദ്രനിൽ പതിക്കുന്നു. അതാണ് ചന്ദ്രഗ്രഹണം. ചന്ദ്രനാണ് മധ്യത്തിൽ വരുന്നതെങ്കിൽ അതിന്റെ നിഴൽ ഭൂമിയിൽ പതിക്കുന്നു. അതാണ് സൂര്യഗ്രഹണം. ചന്ദ്രൻ സ്വയം പ്രകാശിക്കുന്നില്ല. ചന്ദ്രനിൽ പതിക്കുന്ന സൂര്യപ്രകാശം ഭൂമിയിൽ പ്രതിഫലിക്കുന്നതാണ് നിലാ വെളിച്ചം. സൂര്യനെക്കുറിച്ചെന്ന പോലെ ചന്ദ്രനെക്കുറിച്ചും ഖുർആൻ പറയുന്നത് അതിന്റെ ഗോളശാസ്ത്ര നിയമങ്ങളല്ല. ഗോളശാസ്ത്രം അറിയുന്നവരും അറിയാത്തവരുമെല്ലാം നേരിട്ടനുഭവിക്കുന്ന ചാന്ദ്ര സഞ്ചാരത്തിന്റെയും സഞ്ചാരപഥത്തിന്റെയും കൃത്യതയും കണിശതയും അതിന്മേലുള്ള അല്ലാഹുവിന്റെ നിയന്ത്രണത്തിന്റെ ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കുകയാണ്.

സഞ്ചാരികൾ ഇറങ്ങിത്താമസിക്കുന്ന സത്രവും അതിഥിമന്ദിരവും വീടുമാണ് منزل. അതിന്റെ ബഹുവചനമാണ് مَنَازِل. ഇവിടെ ഈ പദം കൊണ്ട് വിവക്ഷിക്കുന്നത് ചന്ദ്രൻ അതിന്റെ പ്രതിമാസ ഭ്രമണത്തിൽ ഓരോ ദിവസവും എത്തിച്ചേരുന്ന മേഖലയെയാണ്. ഓരോ മേഖല പിന്നിടുമ്പോഴും ഭൂമിയിൽ നിന്നു നോക്കുന്നവർക്ക് ചന്ദ്രന്റെ രൂപം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതായി കാണാം. ഈത്തപ്പഴം തൂങ്ങിനിൽക്കുന്ന കുലച്ചുള്ളിയാണ് عُرْجُون. പൂക്കുലയെ ആവരണം ചെയ്യുന്ന കൊതുമ്പിനും പറയും. പഴങ്ങൾ പൊഴിഞ്ഞ് കുലച്ചുള്ളി പഴകുമ്പോൾ ശുഷ്കിക്കുകയും പിറ ചന്ദ്രനെപ്പോലെ വളഞ്ഞുപോവുകയും ചെയ്യുന്നു. മാസാരംഭത്തിൽ പശ്ചിമ ചക്രവാളത്തിൽ വാടിയ നാളികേരപൂളുപോലെ കാണപ്പെടുന്ന പിറചന്ദ്രൻ ദിനംപ്രതി വൃദ്ധി പ്രാപിച്ച് പതിനാലാം രാവിലെത്തുമ്പോൾ പൂർണ ചന്ദ്രനായിത്തീരുന്നു. തുടർന്ന് ദിനംതോറും ക്ഷയിച്ചുവരികയായി. ഒടുവിൽ പഴക്കമേറിയ കുലച്ചുള്ളി ഉണങ്ങിച്ചുരുണ്ടതുപോലെ അത് ശുഷ്കിച്ചു വളഞ്ഞ് പിറന്ന അവസ്ഥയിലേക്കുതന്നെ എത്തുന്നു.

ചന്ദ്രൻ ഒരു ഭൂപ്രദക്ഷിണം പൂർത്തിയാക്കാൻ 28 ദിവസമെടുക്കും. തുടർന്ന് മാസം 29 ദിവസമാണെങ്കിൽ ഒരു ദിവസവും 30 ദിവസമാണെങ്കിൽ രണ്ടു ദിവസവും ചന്ദ്രൻ പൂർണമായും ഭൂമിയിൽനിന്ന് മറഞ്ഞുനിൽക്കുന്ന അമാവാസിയാകുന്നു. കോടാനുകോടി വർഷങ്ങളായി ചന്ദ്രഭ്രമണം അണുഅളവ് തെറ്റാതെ അനുസ്യൂതം നടന്നുവരുന്നു. ഓരോ നാളും പ്രത്യക്ഷപ്പെടേണ്ട കൃത്യസ്ഥാനത്തുതന്നെ അത് നിശ്ചിത വലിപ്പത്തിലും രൂപത്തിലും പ്രത്യക്ഷപ്പെടുന്നു. ഭ്രമണപഥമോ വേഗമോ സ്ഥാനമോ ഒന്നും ചന്ദ്രൻ സ്വയം തെരഞ്ഞെടുത്തതല്ല. അല്ലാഹു നിശ്ചയിച്ചുകൊടുത്തതാണ്. സൂര്യ-ചന്ദ്രാദി ഗോളങ്ങളെ ആരാധിക്കുന്ന മൗഢ്യത്തിനു നേരെ വ്യംഗ്യമായ വിമർശനവും ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്നതായി നിരീക്ഷിക്കപ്പെടുന്നുണ്ട്. സ്വതന്ത്രമായ അധികാരമോ കഴിവോ ഇല്ലാതെ അല്ലാഹു വരച്ച വരയിലും വേഗത്തിലും മാത്രം ചരിക്കുന്ന, അവൻ നിശ്ചയിച്ച വൃദ്ധിക്ഷയങ്ങൾക്കെല്ലാം വിധേയമായ അചേതന ഗോളങ്ങളെയാണല്ലോ ആ പാവങ്ങൾ ആരാധിക്കുന്നത്. لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ (സൂര്യനെയും ചന്ദ്രനെയും നമസ്കരിക്കാതിരിക്കുവിൻ, അവയെ സൃഷ്ടിച്ച അല്ലാഹുവിനെ മാത്രം നമസ്കരിക്കുവിൻ- 41:37). ●